(ഡി) ഇല്ല. യൂണിവേഴ്സിറ്റികളിൽ നിന്ന് പ്രീഡിഗ്രി വേർപ്പെടുത്തിയാലും സ്കൂളുകളിലെ പ്ളസ്ടു കോഴ്സുകൾക്ക് സമാന്തരമായി, പ്ളസ്ടുവിനും പ്രൈവറ്റായി പഠിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെ "ഓപ്പൺസ്കൂൾ" എന്ന് നാമകരണം ചെയ്ത് എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലയേൽപ്പിച്ചിട്ടുണ്ട്.

(ഇ) പ്രീഡിഗ്രി ഡിലിങ്ക് ചെയ്യുന്നതു പൂർത്തിയാകുമ്പോൾ മുതൽ.

(എഫ്) അതെ.

(ജി) 2001-ാമാണ്ടോടുകൂടി നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നു.

(എച്ച്) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്ളസ്ടു ഏർപ്പെടുത്തുകയെന്നതു പ്രായോഗികമല്ല. കോളേജുകളിൽ നിന്ന് പ്രീഡിഗ്രി ലിങ്ക് ചെയ്യുമ്പോൾ നഷ്ടപ്പെടുന്ന സീറ്റുകൾക്ക് തുല്യമായ എണ്ണം പ്ളസ്ടു സീറ്റുകൾ അനുവദിക്കുവാനാണു തീരുമാനം. കൂടാതെ ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസ ആവശ്യകതയും പ്ളസ്ടു അനുവദിക്കുമ്പോൾ കണക്കിലെടുക്കും.

സംസ്ഥാനത്തെ യൂണിവേഴ്സിറ്റി നിയമങ്ങൾ

24 (*264) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിലുള്ള യൂണിവേഴ്സിറ്റി നിയമങ്ങളിൽ ഏതെല്ലാം യൂണിവേഴ്സിറ്റി നിയമങ്ങളിലാണ് ഏകീകൃതസമാന വകുപ്പുകളുള്ളത് ;

(ബി) കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് പല തരത്തിലുള്ള നിയമങ്ങൾ നിലനില്ക്കുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിൽ സിൻഡിക്കേറ്റ് അംഗങ്ങളുടെ അംഗസംഖ്യ എത്ര വീതമാണ് ;

(ഇ) ഓരോ യൂണിവേഴ്സിറ്റികളിലേയും സിൻഡിക്കേറ്റുകളുടെ അധികാരങ്ങൾ എന്തെല്ലാമാണ് ;

(എഫ്) സിൻഡിക്കേറ്റ് അംഗങ്ങളെക്കുറിച്ചുള്ള പരാതികൾ ആരാണു അന്വേഷിക്കുന്നത് ;

(ജി) എം.ജി. യൂണിവേഴ്സിറ്റിയിലെ ഏതെങ്കിലും സിൻഡിക്കേറ്റ് അംഗത്തെക്കുറിച്ച് പണാപഹരണ ആക്ഷേപമോ, രജിസ്ട്രാറുടെ വ്യാജ ഒപ്പിട്ട് ചെക്ക് മാറ്റിയെടുത്തു എന്ന ആക്ഷേപമോ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ആരെക്കുറിച്ചാണെന്നും ഇതു സംബന്ധമായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ നിലവിലുള്ള യൂണിവേഴ്സിറ്റി നിയമങ്ങളിൽ ഏകീകൃത സമാന വകുപ്പുകൾ ഉണ്ട്.

(ബി) ഇല്ല.

(സി) യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് സ്വഭാവം കണക്കിലെടുത്താണു അവയുടെ നിയമങ്ങൾ നിർമ്മിച്ചിരിക്കുന്നത്.

(ഡി)

കേരള യൂണിവേഴ്സിറ്റി	–	10
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി	–	15
കാലിക്കറ്റ് യൂണിവേഴ്സിറ്റി	–	19
കണ്ണൂർ യൂണിവേഴ്സിറ്റി	–	15

(ഇ) ഓരോ യൂണിവേഴ്സിറ്റികളിലേയും സിൻഡിക്കേറ്റുകളുടെ അധികാരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(എഫ്) സിൻഡിക്കേറ്റ് അംഗങ്ങളെക്കുറിച്ചുള്ള പരാതികൾ ചാർസലറാണ് അന്വേഷിക്കേണ്ടത്. ലോകായുക്തയുടെ അന്വേഷണ പരിധിയിലും സിൻഡിക്കേറ്റംഗങ്ങൾ ഉൾപ്പെടും.

(ജി&എച്ച്) ശ്രീ. ഇ.പി. മാത്യു എന്ന സിൻഡിക്കേറ്റംഗത്തെക്കുറിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. അനന്തര നടപടിയെക്കുറിച്ച് ആലോചിച്ചുവരുന്നു.

കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നിലനിൽക്കുന്ന വിവിധ തരത്തിലുള്ള നിയമങ്ങൾ

25 (*265) ശ്രീ. പി. സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ വിവിധതരത്തിലുള്ള നിയമങ്ങൾ നിലനിൽക്കുന്നതു മൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിനായി എന്തു നടപടി സ്വീകരിച്ചു ;

(സി) മറ്റു യൂണിവേഴ്സിറ്റികളിലെ കോഴ്സുകൾ അംഗീകരിക്കുന്നതിന് കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്താണ് ;

(ഡി) വിവിധ മാനദണ്ഡങ്ങൾ സ്വീകരിച്ചിരിക്കുന്നതുമൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കോഴ്സുകൾ അംഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly